ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | **DATE:08.10.2026**

## പ്രധാനവാർത്തകൾ

1. **രാജ്യത്തെ -ടെലികോം മേഖലയുടെ പുരോഗതിയിൽ ഇന്ത്യ മൊബൈൽ കോൺഗ്രസ് നിർണായക പങ്ക് വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.**

2. **രണ്ട് ദിവസത്തെ ¬സ്റ്റുഡന്റ്സ് ലീഡേഴ്സ് കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി. മുഖ്യമന്ത്രി വി.ഡി സതീശൻ ഓൺലൈനായി ഉദ്ഘാടനം ചെയ്തു.**

3. **ഭിന്നശേഷിക്കാരായ സ്കൂൾ വിദ്യാർഥികൾക്ക് പരീക്ഷ എഴുതാൻ താഴത്തെ നിലയിൽ തന്നെ സൗകര്യം ഉറപ്പാക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കി.**

4. **സംസ്ഥാനത്ത് ഗാർഹിക പീഡനം തടയുന്നതിന് 'സ്ട്രീക്ക് അപ്പ്' പ്രത്യേക ദൗത്യസേന രൂപീകരിച്ച് കേരള പോലീസ്. അതിജീവിതകൾക്ക് സുരക്ഷയും പിന്തുണയും ഉറപ്പാക്കുക ലക്ഷ്യം.**

5. **പ്രമുഖ നടൻ നാനാ പടേക്കർ അന്തരിച്ചു. സംസ്കാരം ഇന്ന് വൈകിട്ട് പൂർണ സംസ്ഥാന ബഹുമതികളോടെ പൂനെയിൽ.**

RNU TVPM

6. സംസ്ഥാനത്ത് മറ്റെന്നാൾ വരെ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരത്തെ തീരപ്രദേശങ്ങളിൽ നാളെ രാത്രി വരെ കടലാക്രമണ സാധ്യത.

## മൊബൈൽ കോൺഗ്രസ്-പ്രധാനമന്ത്രി

രാജ്യത്തെ ടെലികോം മേഖലയുടെ പുരോഗതിയിൽ ഇന്ത്യ മൊബൈൽ കോൺഗ്രസ് നിർണായക പങ്ക് വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ യശോഭൂമിയിൽ ഇന്ത്യ മൊബൈൽ കോൺഗ്രസിന്റെ പത്താം പതിപ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എല്ലാ ജില്ലകളിലും 5-ജി ശൃംഖല ഇപ്പോൾ ലഭ്യമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. 'അതിരുകളില്ലാത്ത വളർച്ച'എന്നതാണ് ഇത്തവണത്തെ ഇന്ത്യ മൊബൈൽ കോൺഗ്രസിന്റെ പ്രമേയം. 4 ദിവസം നീളുന്ന പരിപാടി ടെലികമ്മ്യൂണിക്കേഷൻ വകുപ്പും സെല്ലുലാർ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയും ചേർന്നാണ് സംഘടിപ്പിക്കുന്നത്.

## സ്റ്റുഡന്റ്സ് കോൺക്ലേവ്

രണ്ട് ദിവസത്തെ സ്റ്റുഡന്റ്സ് ലീഡേഴ്സ് കോൺക്ലേവിന് തിരുവനന്തപുരത്ത് തുടക്കമായി. നിയമസഭാഹാളിൽ

RNUTVPM

നടക്കുന്ന പരിപാടി മുഖ്യമന്ത്രി വി.ഡി സതീശൻ ഓൺലൈനായി ഉദ്ഘാടനം ചെയ്യു. പാർലമെന്ററി ജനാധിപത്യത്തിന്റെ മൂല്യങ്ങൾ വിദ്യാർഥികളിലും യുവജനങ്ങളിലും എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ആണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത് .

❁❁❁❁❁❁❁❁❁❁❁❁❁

## പൊതുവിദ്യാഭ്യാസ വകുപ്പ്

ഭിന്നശേഷിക്കാരായ സ്കൂൾ വിദ്യാർഥികൾക്ക് പരീക്ഷ എഴുതാൻ താഴത്തെ നിലയിൽ തന്നെ സൗകര്യം ഉറപ്പാക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കി. തിരുവല്ല കവിയൂർ സ്വദേശി മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലാണ് നടപടി. പൊതുവിദ്യാഭ്യാസ വകുപ്പിൻ്റെ കീഴിൽ വരുന്ന എല്ലാ പരീക്ഷകൾക്കും CWSN വിദ്യാർഥികളുടെ പരീക്ഷാ മുറികൾ താഴത്തെ നിലയിൽ തന്നെ ക്രമീകരിക്കണമെന്ന് ഉത്തരവിൽ പറയുന്നു. ഇതിനു സാധിക്കാത്ത സാഹചര്യത്തിൽ ലിഫ്റ്റ്, റാംപ് തുടങ്ങിയ സൗകര്യങ്ങൾ ഉറപ്പാക്കിയ ശേഷമേ മുകൾ നിലയിൽ പരീക്ഷാമുറി അനുവദിക്കാവൂ എന്നും നിർദേശം നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

RIUTVPM

**സ്പീക്ക് അപ്പ് (ഇൻട്രോ)**

ഗാർഹിക പീഡനം തടയുന്നതിന് 'സ്പീക്ക് അപ്പ്' പ്രത്യേക ദൗത്യസേന രൂപീകരിച്ച് കേരള പോലീസ്. അതിജീവിതകൾക്ക് സുരക്ഷയും പിന്തുണയും ഉറപ്പാക്കുന്ന ദൗത്യത്തിൻറെ പ്രത്യേക ചുമതല ഐ ജി അജിത ബീഗത്തിന്. **സഹനം മതി, ഇനി ശബ്ദമുയർത്തേണ്ട സമയമാണ്** എന്ന സന്ദേശമാണ് സ്പീക്ക് അപ്പിലൂടെ നൽകുന്നതെന്ന്

ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്......***

***(വോയിസ്)***

RNU TVPM

**നാനാ പടേക്കർ**

പ്രമുഖ നടൻ നാനാ പടേക്കർ അന്തരിച്ചു. ഗോവയിലെ വസതിയിൽ ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം.

75 വയസ്സായിരുന്നു. സംസ്കാരം ഇന്ന് വൈകിട്ട് നാല് മണിക്ക് പൂർണ സംസ്ഥാന ബഹുമതികളോടെ പൂനെയിൽ നടക്കും. ദശാബ്ദങ്ങൾ നീണ്ട അഭിനയ ജീവിതത്തിൽ ഹിന്ദി,

മറാഠി സിനിമകളിലെ മികച്ച പ്രകടനങ്ങളിലൂടെയാണ് അദ്ദേഹം ശ്രദ്ധേയനായത്. മികച്ച നടൻ, സഹനടൻ എന്നീ ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2013-ൽ രാജ്യം അദ്ദേഹത്തെ പത്മശ്രീ നൽകി ആദരിച്ചു.1999-ലെ കാർഗിൽ യുദ്ധകാലത്ത് മറാത്ത ലൈറ്റ് ഇൻഫൻട്രിയിൽ ഓണററി ഓഫീസറായി സേവനമനുഷ്ഠിച്ച നാനാ പടേക്കർ ലെഫ്റ്റനന്റ് കേണലായാണ് വിരമിച്ചത്. നാനാ പട്ടേക്കറുടെ നിര്യാണത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ അനുശോചനം അറിയിച്ചു.

## വി ഡി സതീശൻ - നിതിൻ ഗഡ്കരി

കേരളത്തിലെ ദേശീയപാത വികസനം ഉൾപ്പെടെയുള്ള വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സംബന്ധിച്ച് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി മുഖ്യമന്ത്രി വി ഡി സതീശൻ കൂടിക്കാഴ്ച നടത്തി. കേരളത്തിന്റെ റോഡ്-ഗതാഗത അടിസ്ഥാന സൗകര്യ വികസനത്തിന് കേന്ദ്ര-സംസ്ഥാന സഹകരണത്തോടെ പദ്ധതികൾ സമയബന്ധിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നിർണായക തീരുമാനങ്ങൾ കൂടിക്കാഴ്ചയിൽ സ്വീകരിച്ചതായി മുഖ്യമന്ത്രി സമൂഹ മാധ്യമത്തിൽ അറിയിച്ചു. തിരുവനന്തപുരം ഔട്ടർ റിങ് റോഡ് പദ്ധതിക്ക്

RNU TVPM

ആവശ്യമായ അനുമതി ഉടൻ ലഭ്യമാക്കുമെന്ന് കേന്ദ്രമന്ത്രി അറിയിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

## ജി.എസ്.ടി കൗൺസിൽ

57-ാമത് ജി.എസ്.ടി കൗൺസിൽ യോഗം കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പുരോഗമിക്കുന്നു. ജിഎസ് ടി തർക്ക പരിഹാരം, നികുതി വരുമാന വർദ്ധന എന്നിവയ്ക്ക് ആവശ്യമായ പരിഷ്കാരങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്യും. അഞ്ചിന പരിഷ്കരണ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ യോഗത്തിൽ മുന്നോട്ട് വയ്ക്കുമെന്ന് ധനമന്ത്രാലയ വൃത്തങ്ങൾ അറിയിച്ചു.

RNU TVPM

## പ്രധാനമന്ത്രി-തമിഴ് നാട്

പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 11-ന് തമിഴ്നാട് സന്ദർശിക്കും. ചെന്നൈയിലെ 14.6 കിലോമീറ്റർ നീളമുള്ള പൂനമല്ലി - വടപളനി മെട്രോ പാതയുടെ ഉദ്ഘാടനവും പളനി, പരമകുടി, നാമക്കൽ, അംബാസമുദ്രം, വെല്ലൂർ കന്റോൺമെന്റ് എന്നീ റെയിൽവേ സ്റ്റേഷനുകളുടെ അമൃത് ഭാരത് പദ്ധതി പ്രകാരമുള്ള നവീകരണ പ്രവൃത്തികളുടെ ഉദ്ഘാടനവും വീഡിയോ കോൺഫറൻസിലൂടെ അദ്ദേഹം നിർവ്വഹിക്കും. പ്രശസ്ത

സംഗീതജ്ഞനും രാജ്യസഭാ എം.പിയുമായ ഇളയരാജയുടെ മ്യൂസിക് റിസർച്ച് സെൻററും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

❁❁❁❁❁❁❁❁❁❁❁❁❁

**മഴ**

സംസ്ഥാനത്ത് മറ്റെന്നാൾ വരെ വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പത്തനംതിട്ട, കോട്ടയം,എറണാകുളം, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. 8 ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതേസമയം, കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ നാളെ രാത്രി 11.30 വരെ ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം അറിയിച്ചു.

RJU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട് (ഇൻട്രോ)**

മഴക്കുറവ് സംഭവിച്ച സാഹചര്യത്തിൽ രണ്ടാം വിള കൃഷി ഇറക്കുന്നതിൽ വ്യക്തത തേടി പാലക്കാട് ജില്ലയിലെ കർഷകർ. ജലസേചനം സാധ്യമാകുമെന്ന ഉറപ്പിന് അനുസരിച്ചേ വിള ഇറക്കാനാവു എന്നതാണ് ജില്ലയിലെ കർഷകരുടെ നിലപാട്.

***ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട്.....***

***( വോയിസ്)***

## സോഷ്യോ വാസു അന്തരിച്ചു

സ്വാതന്ത്ര്യ സമര സേനാനി സോഷ്യോ വാസു അന്തരിച്ചു.

103 വയസ്സായിരുന്നു. കോഴിക്കോട് ചെറുവണ്ണൂരിലെ വീട്ടിലായിരുന്നു അന്ത്യം. സ്കൂൾ കാലത്ത് തന്നെ കോൺഗ്രസിൻറെ പ്രവർത്തനങ്ങളിൽ

ആകൃഷ്ടനായി ചെറുവണ്ണൂരിൽ 'സോഷ്യോ' എന്ന പേരിൽ തയ്യൽക്കട തുടങ്ങിയ അദ്ദേഹം, പിന്നീട് ആ പേരിൽ അറിയപ്പെടുകയായിരുന്നു.

RJU TVPM

## എറണാകുളം-കൊക്കൂൺ(ഇൻട്രോ)

കേരള പൊലീസ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സൈബർ സെക്യൂരിറ്റി സമ്മേളനം - കൊക്കൂൺ 2026 ന് നാളെ കൊച്ചിയിൽ തുടക്കമാകും. രാജ്യത്തെ ഏറ്റവും വലിയ സൈബർ സുരക്ഷാ, ഹാക്കിങ് സമ്മേളനങ്ങളിലൊന്നായ കൊക്കൂൺ രണ്ട് ദിവസങ്ങളിലായി ബോൾഗാട്ടി ഗ്രാൻഡ് ഹയാത്തിൽ വെച്ചാണ് നടക്കുന്നത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി. നഹീമ......***

***(വോയിസ്)***

❋❋❋❋❋❋❋❋❋❋❋❋❋

**വിവി രാജേഷ്**

തിരുവനന്തപുരം നഗരസഭാ രജിസ്റ്ററിൽ കൗൺസിലർ

ആർ സുഗതന്റെ ഒപ്പ് വ്യാജമായി ഇട്ടെന്ന ആരോപണത്തിൽ മാനനഷ്ട കേസ് ഫയൽ ചെയ്ത് മേയർ വി. വി. രാജേഷ്.

എൽ ഡി എഫ് കൗൺസിലർ എസ്. പി. ദീപക്കിനെതിരെ

5 കോടി രൂപ നഷ്ടപരിഹാരം ആവശ്യപെട്ടാണ് ഹർജി.

സംഭവത്തിൽ മ്യൂസിയം പൊലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**നവരാത്രി വിഗ്രഹഘോഷയാത്ര**

നവരാത്രി പൂജയോടനുബന്ധിച്ച വിഗ്രഹഘോഷയാത്രയ്ക്ക് തുടക്കമായി. ശുചീന്ദ്രം മുന്നൂറ്റി നങ്ക ദേവി വിഗ്രഹം ക്ഷേത്രത്തിൽ നിന്ന് പ്രയാണം ആരംഭിച്ചു. പത്മനാഭപുരം കൊട്ടാരത്തിൽ നിന്നും നാളെ തേവാരക്കെട്ടിൽ സരസ്വതി

RNU TVPM

ദേവി, വേളിമല കുമാരസ്വാമി,മുന്നൂറ്റി നങ്ക ദേവി എന്നീ വിഗ്രഹങ്ങളുമായി ഘോഷയാത്ര കേരളത്തിലേക്ക് തിരിക്കും. കുഴിത്തുറ, കളിയിക്കാവിള, പാറശ്ശാല, നെയ്യാറ്റിൻകര വഴി സഞ്ചരിക്കുന്ന ഘോഷയാത്ര ഈ മാസം 11-ന് വൈകുന്നേരത്തോടെ നവരാത്രി മണ്ഡപത്തിൽ എത്തിച്ചേരും. നവരാത്രി പൂജകൾക്കും പള്ളിവേട്ട ചടങ്ങുകൾക്കും ശേഷം ഈ മാസം 23-ന് വിഗ്രഹങ്ങൾ മാതൃക്ഷേത്രങ്ങളിലേക്ക് മടങ്ങിയെഴുന്നള്ളിക്കും.

❀❀❀❀❀❀❀❀❀❀❀❀❀

## റബ്ബർ ബോർഡ്

പ്രകൃതിദത്ത റബറിൻ്റെ ഉല്പാദനത്തിലും ഉപഭോഗത്തിലും രാജ്യത്ത് ശ്രദ്ധേയമായ വളർച്ചയുണ്ടായതായി റബ്ബർ ബോർഡ്. പ്രകൃതിദത്ത റബറിൻ്റെ ഉല്പാദനത്തിൽ ലോകത്ത് ആറാം സ്ഥാനത്തും, ഉപഭോഗത്തിൽ രണ്ടാം സ്ഥാനത്തുമാണ് ഇന്ത്യയെന്ന് റബ്ബർ ബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ പറഞ്ഞു. തിരുവനന്തപുരം പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ അധ്യക്ഷതയിൽ കോട്ടയം റബ്ബർ ബോർഡിൽ നടന്ന പ്രതിമാസ ഐഎംപിസിസി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ കേരള ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ

RNUTVPM

ജനറൽ വി.പളനിച്ചാമി യോഗത്തിൽ അധ്യക്ഷത വഹിച്ചു. വിവിധ കേന്ദ്ര ഗവണ്മെന്റ് സ്ഥാപന മേധാവികൾ യോഗത്തിൽ പങ്കെടുത്തു.

RNU TVPM